# ഒടുവിൽ എവിടെ എത്തും ?

മധ്യതിരുവിതാംകൂറിലെ ഒരു പട്ടണം. ഇടവഴിയിൽ ഒരു പോത്തിനെ കെട്ടിയിട്ടിരിക്കുന്നു. ചായം പുരട്ടിയ കൊമ്പുകൾ അതിന്റെ തമിഴ്നാടുബന്ധം വിളിച്ചറിയിക്കുന്നു. നുകം ചുമന്നതിന്റെ തഴമ്പും ഒരു മണിയും കഴുത്തിലുണ്ട്. മണിയൻ എന്നു നമുക്ക് വിളിക്കാം.

മണിയന്റെ കറുത്തുതുടുത്ത മേനിയിൽ ചുണ്ണാമ്പുകൊണ്ട് എഴുതിയിട്ട വാക്കുകൾ ആരും ശ്രദ്ധിക്കും: 'കശാപ്പ് 23-ന് പള്ളിക്കവലയിൽ.' കശാപ്പുകാരന്റെ കാശുചിലവില്ലാത്ത പരസ്യം! പക്ഷേ, ചിന്തിക്കുന്നവർക്ക് നിത്യയാഥാർത്ഥ്യങ്ങൾ ഗ്രഹിക്കാനുള്ള സന്ദേശം!!

ഭാവനയുടെ ചിറകുകളിൽ മണിയനെ നാം തമിഴ്നാട്ടിൽ നിന്നും പിന്തുടരുന്നു... കമ്പം മാട്ടുചന്ത. കണ്ണെത്താത്ത ദൂരത്തിൽ നിരന്നു നില്ക്കുന്ന മാടുകൾ. ദല്ലാളന്മാർ ഉടമകളുമായി വിലപേശുന്നു. കച്ചവടം ഉറപ്പിച്ചതിനെ അവർ അടയാളമിടുന്നു. മിണ്ടാപ്രാണികൾ ദയനീയമായി നോക്കി നിൽക്കവേ, ഈരണ്ടു മാടുകളെ തമ്മിൽ അവർ കൂട്ടിക്കെട്ടുന്നു. ഓടി രക്ഷപെടാതിരിക്കാനുള്ള ട്രിക്കാണ്!

അതാ, മണിയൻ നിൽക്കുന്നു. മണിയനെ വിറ്റു വിലവാങ്ങിയ ഉടമ, കയർ കൈകളിലുയർത്തി പുതിയ യജമാനനെ ഏൽപ്പിച്ചു. ഇതുകണ്ട മണിയൻ ദീർഘനിശ്വാസം ഉതിർത്തു... അർത്ഥം: രക്ഷപ്പെട്ടു! ഇനിയും നുകം ചുമക്കേണ്ട, അടികൊള്ളേണ്ട, പുതിയ യജമാനൻ എന്നെ പൊന്നുപോലെ നോക്കിക്കൊള്ളും. വലിയ വില മുടക്കിയല്ലേ അദ്ദേഹം എന്നെ സ്വന്തമാക്കുന്നത്..!!

ഇവിടെ ഒരു യാത്ര ആരംഭിക്കുന്നു. ദല്ലാളന്മാർ അറവുമാടുകളെ മാട്ടുചെക്കന്മാരെ ഏല്പിക്കുന്നു. ഇനി അവരുടെ ചുമതലയാണ് ഇവയെ മുണ്ടക്കയം ചന്തയിൽ എത്തിക്കുക എന്നത്.

ചുരം കയറുമ്പോൾ വഴിയോരത്തു നിന്നും ലഭിച്ച പച്ചപ്പുല്ലും അരുവിയിലെ വെള്ളവും മണിയന്റെ പ്രതീക്ഷ വർദ്ധിപ്പിച്ചു. ഹാ...പുതിയ ദേശം, സ്വർഗ്ഗതുല്യം!! എതിരെ വരുന്ന വാഹനങ്ങളിൽ നിന്നും രക്ഷപെടുക വളരെ ശ്രമകരമാണ്. മാട്ടുചെക്കന്മാരുടെ ചാട്ട ആഞ്ഞുവീഴുന്നത് അപ്പോഴാണ്.

മണിയൻ യാത്ര തുടർന്നു.. ചന്തകളിൽ നിന്നും ചന്തകളിലേക്ക്, പലകൈകൾ മറിഞ്ഞുള്ള യാത്ര!! ഒടുവിൽ എവിടെ എത്തുമെന്ന് അറിയാതെയുള്ള യാത്ര..!! മലയാളികളുടെ ഭക്ഷണമേശയിലേക്കുള്ള അന്ത്യയാത്ര!!

അറിവുണ്ടെന്ന് അഭിമാനിക്കുന്ന പലരും മണിയനെപ്പോലെ ലക്ഷ്യബോധമില്ലാതെ യാത്രചെയ്യുന്നവരാണ്. അവർ, ദൈവമാണ് തങ്ങളെ നയിക്കുന്നതെന്നും അവസാനം തങ്ങൾ സ്വർഗ്ഗത്തിൽ എത്തുമെന്നും കരുതുന്നു. പക്ഷേ, സത്യത്തിൽ തങ്ങളെ നയിച്ചിരുന്നത് പിശാചായിരുന്നെന്നും തങ്ങളുടെ അന്ത്യം നിത്യനരകമാണെന്നും മനസ്സിലാകുമ്പോഴേക്കും രക്ഷപെടുവാനുള്ള സമയം അവർക്ക് അതിക്രമിച്ചിരിക്കും. മണിയനു പറ്റിയ അബദ്ധം പറ്റരുതെന്ന ആഗ്രഹം താങ്കൾക്കില്ലേ? താങ്കളുടെ നിത്യത സ്വർഗ്ഗത്തിലാവണമെന്ന് ആഗ്രഹിക്കുന്നവരാണ് ഞങ്ങൾ. ആയതിന് താങ്കളെ സഹായിക്കുന്ന ചില ചോദ്യങ്ങളും അവയുടെ ഉത്തരങ്ങളും കുറിക്കാം:

## 1. മനുഷ്യൻ എങ്ങനെയാണ് ഉളവായത്?

''ദൈവം അവിടുത്തെ സ്വരൂപത്തിൽ മനുഷ്യനെ സൃഷ്ടിച്ചു.'' (ഉല്പത്തി 1:27) ''ഭൂതലത്തിൽ എങ്ങും കുടിയിരിക്കുവാൻ ദൈവം ഒരുത്തനിൽ നിന്നും മനുഷ്യജാതിയെ ഒക്കെയും ഉളവാക്കി..'' (അപ്പൊ. 17:16) അതേ, നാം ദൈവത്തിന്റെ സൃഷ്ടികളാണ്. മനുഷ്യോല്പത്തിയെക്കുറിച്ചുള്ള വേറേ സിദ്ധാന്തങ്ങൾ എല്ലാം ശുദ്ധഭോഷ്ക്കാണ്. മനുഷ്യൻ കേവലം രാസവസ്തുക്കളുടെ സമ്മിശ്രമോ കുരങ്ങനിൽ നിന്നും പരിണമിച്ചുണ്ടായതോ അല്ല.

ദൈവത്താൽ സൃഷ്ടിക്കപ്പെട്ട മനുഷ്യന് ഇതര സൃഷ്ടികളിന്മേൽ അധികാരമുണ്ടായിരുന്നു. എന്നാൽ, ദൈവത്തിന്റെ ശത്രുവായ സാത്താൻ മനുഷ്യനെ വഞ്ചിച്ച് ദൈവത്തിനെതിരായി പാപം ചെയ്യിപ്പിച്ചു. പാപം നിമിത്തം അനവധി ശാപങ്ങൾക്ക് മനുഷ്യൻ പാത്രമായി. അങ്ങനെ, മനുഷ്യന്റെ അധികാരങ്ങൾ സാത്താൻ കരസ്ഥമാക്കി.

ആദ്യമനുഷ്യനായ ആദാമിന്റെ പാപം നിമിത്തം അവനിൽ നിന്നും ഉളവായ മനുഷ്യജാതി മുഴുവനും പാപികളായി. ''ഒരു വ്യത്യാസവുമില്ല. എല്ലാവരും പാപം ചെയ്തു ദൈവതേജസ്സ് ഇല്ലാത്തവരായിത്തീർന്നു.'' (റോമർ 3:23) ചുരുക്കത്തിൽ, മനുഷ്യൻ ഇപ്പോൾ അനുഭവിക്കുന്ന സകലതിന്മകളും പാപത്തിന്റെ തിക്തഫലങ്ങളാണ്.

## 2. മനുഷ്യനെക്കുറിച്ചുള്ള ദൈവഹിതം എന്ത്?

നീതിമാനായ ദൈവത്തിനു പാപിയായ മനുഷ്യനെ ശിക്ഷിക്കാതിരിക്കുവാൻ കഴിയുന്നതല്ല. ''പാപത്തിന്റെ ശമ്പളം (പ്രതിഫലം) മരണമത്രേ.'' (റോമർ 6:23) എന്ന വിധി ദൈവം പ്രഖ്യാപിച്ചുകഴിഞ്ഞു. മരണം മൂന്നുവിധമുണ്ടെന്ന് ബൈബിൾ വ്യക്തമാക്കുന്നു:

### 2. 1. ശാരീരികമരണം

ശരീരത്തിൽ നിന്നും ജീവൻ നഷ്ടപ്പെടുന്ന അവസ്ഥ. പക്ഷേ, ശാരിരിക മരണത്തോടെ മനുഷ്യൻ ഇല്ലാതാകുന്നില്ല. മനുഷ്യനിലുള്ള ആത്മാവ് നിത്യമാണ്. മരണാനന്തരം മനുഷ്യന്റെ വ്യക്തിത്വം പൂർണ്ണ ബോധത്തോടെ നിലകൊള്ളുന്നതായി യേശുക്രിസ്തു വ്യക്തമാക്കുന്നു.. (ലൂക്കോസ് 16:19-31 വായിക്കുക)

### 2. 2. ആത്മികമരണം

സത്യദൈവവുമായി ബന്ധമില്ലാത്ത ജീവിതം (എഫേസ്യർ 2:1,2 12). ജീവന്റെ ശ്രോതസ്സായ യേശുക്രിസ്തുവുമായി ബന്ധമില്ലാത്ത ഈ അവസ്ഥയിൽ, ജീവിതത്തിൽ എന്തെല്ലാം ഉണ്ടെങ്കിലും, മനുഷ്യന് യഥാർത്ഥ സന്തോഷമോ സമാധാനമോ ഉണ്ടായിരിക്കുകയില്ല.

### 2. 3. നിത്യമരണം

ആത്മികമായി മരിച്ച ഒരുവൻ ശാരിരകമായി മരിക്കുന്നതിനു മുമ്പേ യേശുക്രിസ്തുവിൽ വിശ്വസിക്കുന്നതിലൂടെ നിത്യജീവൻ പ്രാപിക്കുന്നില്ലെങ്കിൽ, മരണാനന്തരം ദൈവത്തിൽ നിന്നും എന്നേക്കുമായി അകന്നു, നിത്യനരകത്തിൽ കഴിയേണ്ടിവരുന്ന ഭയാനകമായ സ്ഥിതിയാണ് നിത്യമരണം. (വെളി.20:13, 21:8) ദൈവം നീതിമാനാകയാൽ പാപിയെ ശിക്ഷിക്കാതിരിക്കാൻ അവിടുത്തേക്കാവില്ല.

എന്നാൽ, നീതിമാനായ ദൈവം സ്നേഹസമ്പന്നനുമാണ്. ആകയാൽ, നിത്യമരണത്തിലൂടെ ആരും നരകത്തിൽ അവസാനിക്കുവാൻ അവിടുന്ന് ആഗ്രഹിക്കുന്നില്ല. ദൈവത്തെ കൂടാതെ മരിക്കുന്നവന്റെ മരണത്തിൽ ദൈവത്തിന് ഇഷ്ടമില്ല. അതുകൊണ്ട്, മാനസാന്തരപ്പെടുവാൻ ദൈവം എല്ലാവരോടും ബുദ്ധിപറയുന്നു. (യെഹ. 18:32, പ്രവൃ. 17:30)

പാപികളായ മനുഷ്യർ സ്വയം ചെയ്യുന്ന കർമ്മങ്ങളാൽ തങ്ങൾക്ക് പാപപരിഹാരം സാധ്യമല്ല. എന്തുകൊണ്ടെന്നാൽ പാപി ചെയ്യുന്നതെന്തും പാപമായേ ദൈവം കണക്കിടുകയുള്ളു. ആകയാൽ, കരുണാസമ്പന്നനായ ദൈവം പാപരഹിതനായ അവിടുത്തെ പുത്രൻ, യേശുവിനെ ക്രൂശിൽ യാഗമാക്കിയതിലൂടെ മനുഷ്യന്റെ പാപത്തിനുള്ള പരിഹാരം സാധ്യമാക്കി. ആകയാൽ, യേശുവിന്റെ ക്രൂശുമരണം എന്റെ പാപം നിമിത്തമാണെന്ന് വിശ്വസിക്കുന്ന ഏതൊരു വ്യക്തിക്കും പാപപരിഹാരവും നിത്യജീവനും ഇപ്പോൾ സൗജന്യമായി ദൈവം വാഗ്ദാനം ചെയ്യുന്നു. (യോഹ.3:16)

### 3. താങ്കൾ ഒടുവിൽ എവിടെ എത്തും?

ഈ ജീവിതം താങ്കളുടെ തീരുമാനപ്രകാരം ആരംഭിച്ചതല്ല. പക്ഷേ, മരണാനന്തര ജീവിതം തീർച്ചയായും താങ്കളുടെ തീരുമാനമനുസരിച്ചായിരിക്കും. അതുകൊണ്ടുതന്നെ, താങ്കൾ ഒടുവിൽ എവിടെ എത്തും എന്ന ചോദ്യത്തിനു താങ്കളുടെ നിത്യതയോളം പ്രാധാന്യമുണ്ട്. ഈ ജീവിതം ഹൃസ്വമാണ്. ഇവിടെ ഇനിയും എത്രനാൾ അവശേഷിക്കുന്നെന്ന് കൃത്യമായി ആർക്കു പറയാനാവും? ആകയാൽ, നിത്യത ദൈവത്തോടൊപ്പം ആയിരിക്കുമെന്ന് ഇപ്പോൾ തന്നെ ഉറപ്പുവരുത്തുക.

### 4. നിത്യത സ്വർഗ്ഗത്തിലെന്നുറപ്പാക്കുവാൻ..

- താങ്കളോടും ദൈവത്തോടും താങ്കൾ പാപിയാണെന്നും തന്മൂലം നിത്യനരകത്തിന് യോഗ്യനാണെന്നും സമ്മതിക്കുക. (റോമ.3:1, 28, 6:23)
- അനുതാപത്തോടെ താങ്കളുടെ പാപങ്ങൾ ദൈവത്തോട് ഏറ്റുപറഞ്ഞ് ക്ഷമ ചോദിക്കുക. (യെശ 55:7)
- യേശുക്രിസ്തു താങ്കളുടെ പാപത്തിനുള്ള പ്രായശ്ചിത്തമായി ക്രൂശിൽ മരിച്ചുവെന്നും, മൂന്നാംനാൾ അവിടുന്ന് ഉയിർത്തെഴുന്നേറ്റുവെന്നും, ഇപ്പോൾ, താങ്കൾക്കുവേണ്ടി പക്ഷവാദം ചെയ്യുവാൻ അവിടുന്ന് സ്വർഗ്ഗത്തിൽ ജീവിക്കുന്നെന്നും വിശ്വസിക്കുക. (1 കൊരി. 15:3-4, 1 യോഹ.2:1)
- യേശുക്രിസ്തുവിനെ, ഇന്നുവരെ താങ്കൾ ചെയ്ത തെറ്റുകളിൽ നിന്നും രക്ഷിക്കുന്ന രക്ഷകനായും, തെറ്റുപറ്റാതെ ഇന്നുമുതൽ ജീവിക്കുവാൻ താങ്കളെ നയിക്കേണ്ട കർത്താവായും സ്വീകരിക്കുകയും അപ്രകാരം ഏറ്റുപറയുകയും ചെയ്യുക. (റോമർ 10:9-10)
- യേശുക്രിസ്തുവിന്റെ മരണം അടക്കം ഉയിർപ്പ് എന്നിവയിലുള്ള വിശ്വാസം പ്രവൃത്തിയിൽ വെളിപ്പെടുത്തുവാൻ വിശ്വാസസ്നാനം സ്വീകരിക്കുക. (മത്താ. 28:18-20, മർക്കോ. 16:15-16)
- പരിശുദ്ധാത്മസ്നാനം പ്രാപിച്ച് ആത്മാവിനെ അനുസരിച്ച് വിശുദ്ധജീവിതം നയിക്കുക. (പവൃ. 2:38, ഗലാ. 5:18-19)
- സത്യവചനത്തെ യഥാർത്ഥമായി പ്രസംഗിച്ചുകൊണ്ട് ആത്മാവിലും സത്യത്തിലും ദൈവത്തെ ആരാധിക്കുന്ന ദൈവമക്കളുമായി മാത്രം ആത്മിക കൂട്ടായ്മാബന്ധം പുലർത്തുക. (യോഹ. 4:23, 24)

ഒരിക്കൽ പട്ടാളഓഫീസർമാരുടെ ഒരു പാർട്ടി നടക്കുകയായിരുന്നു. മദ്യക്കുപ്പികൾ ഓരോന്നായി പൊട്ടിച്ചുകൊണ്ട് ആഘോഷം മുന്നേറിയപ്പോൾ, ഒരു പട്ടാളക്കാരൻ ഓടിവന്ന് ജനറലിനൊരു കത്ത് കൈമാറി. അതിന്റെ പുറത്ത് ചുവന്ന അക്ഷരത്തിൽ 'അത്യന്തം അടിയന്തരമായ സന്ദേശം' എന്നെഴുതിയിരുന്നു. ലഹരിയിലായിരുന്ന ജനറൽ ആ കവർ, തുറക്കുവാൻപോലും കൂട്ടാക്കാതെ, പോക്കറ്റിലാഴ്ത്തിയിട്ടു പറഞ്ഞു. ''എന്തായാലും പാർട്ടി കഴിഞ്ഞുള്ള അടിയന്തരം മതി.'' മിനിറ്റുകൾക്കുള്ളിൽ ഭീകരമായ ഒരു സ്ഫോടനത്താൽ പാർട്ടിനടന്നുകൊണ്ടിരുന്ന കെട്ടിടം തകർന്നടിഞ്ഞു. എല്ലാവരും മരണമടഞ്ഞു. ജനറലിന്റെ ശവം പുറത്തെടുത്തപ്പോൾ, അയാളുടെ പോക്കറ്റിലുണ്ടായിരുന്ന ''അത്യന്തം അടിയന്തിരമായ സന്ദേശം'' എന്ന കവർ അധികൃതർ തുറന്നു നോക്കി. ആ കെട്ടിടത്തിൽ ഭീകരന്മാർ ടൈംബോംബ് വെച്ചിട്ടുണ്ടെന്നും ഉടൻതന്നെ എല്ലാവരും പുറത്തു പോകണമെന്നുള്ള രഹസ്യാന്വേഷണത്തലവന്റെ മുന്നറിയിപ്പായിരുന്നു സന്ദേശം! ജനറൽ ആ മുന്നറിയിപ്പ് കാര്യമാക്കിയിരുന്നെങ്കിൽ...

സ്നേഹിതാ, ദൈവത്തിന് താങ്കളെ അറിയിക്കുവാനുള്ള അടിയന്തര സന്ദേശമാണിത്. താങ്കളുടെ പ്രതികരണം അറിയുവാൻ ആഗ്രഹിക്കുന്നു. യേശുക്രിസ്തുവിനെക്കുറിച്ചും അവിടുത്തെ വചനങ്ങളെക്കുറിച്ചും കൂടുതൽ അറിയുവാൻ ദയവായി ബന്ധപ്പെടുക: ksabraham.org@gmail.com